Janayugom 30.12.17

# കാർഷിക സ്മൃതിയുടെ വൈഗ നാളെ സമാപിക്കും

തൃശൂർ: വൈഗ കാർഷികോല്പന്ന സംസ്ക്കരണത്തെയും മൂല്യവർദ്ധനവിനെയും കുറിച്ചുള്ള രണ്ടാമത് അന്തർദേശീയ ശില്പശാലയുടെയും പ്രദർശനത്തിന്റെയും സമാപന സമ്മേളനം കാർഷികസർവകലാശാലസെൻട്രൽ ഓഡിറ്റോറിയത്തിൽ ഞായറാഴ്ച വൈകീട്ട് മൂന്നിന് സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. കൃഷിവകുപ്പു മന്ത്രി അഡ്വ.വി.എസ് സുനിൽകുമാർ അദ്ധ്യക്ഷത വഹിക്കുന്നതോടൊപ്പം കൃഷിവകുപ്പ് പ്രദ്ധീകരണങ്ങളുടെ പ്രകാശനവും കേരള കാർഷിക സർവകലാശാലയുടെ നൂതന സാങ്കേതിക വിദ്യകളുടെ കൈമാറ്റവും നടത്തും. വ്യവസായ വകുപ്പുമന്ത്രി എ.സി മൊയ്തീൻ പുരസ്ക്കാര വിതരണം നിർവഹിക്കും. മേയർ അജിതാ ജയരാജൻ, എം.എൽ.എ മാരായ മുരളി പെരുനെല്ലി, അഡ്വ.കെ.രാജൻ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരിതോമസ്, ഡെപ്യൂട്ടി മേയർ ബീന മുരളി, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ.പി രാധാകൃഷ്ണൻ, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, കർഷക സംഘം പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ ആർ ചന്ദ്രബാബു സ്വാഗതവും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ എ.എം. സുനിൽകുമാർ നന്ദിയും പറയും



വൈഗ പ്രദർശന നഗരിയിലെത്തിയ തൃശ്ശൂർ അതിരൂപതാ മെത്രാപ്പൊലീത്ത ഫാ. ആൻഡ്രൂസ് താഴത്തിനെ മന്ത്രി വി എസ് സുനിൽകുമാർ, കെ രാജൻ എംഎൽഎ എന്നിവർ സ്വീകരിക്കുന്നു

## റബ്ബർടാപ്പിംഗ് ഇനി ഈസിയാക്കാൻ ഓട്ടോ ടാപ്പർ

തൃശൂർ: റബ്ബർടാപ്പിങ്ങിൽ മുൻ പരിചയമില്ലാത്തവർക്കും ഏതു പ്രായക്കാർക്കും അനായാസം ഉപയോഗിക്കാവുന്ന ഒരു ആധുനിക ഇലക്ട്രിക് ഉപകരണമാണ് ഓട്ടോടാപ്പർ. വൈഗകാർഷികമേളയിൽ ഈ ഉപകരണം പ്രദർശിപ്പിച്ച് ഏവർക്കും പരിചയപ്പെടുത്തുകയാണ് ഉടമകൾ. സാധാരണ ടാപ്പിംഗിനേക്കാൾ 90% വരെ ശാരീരികാധ്വാനം ഇതിൽ കുറവാണ്. ചാർജബിൾ ബാറ്ററിയാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്. ആയതിനാൽ ഇത് ഏറെക്കാലം നീണ്ടുനിൽക്കുകയും ഒറ്റ ചാർജിംഗിൽ 400 മരങ്ങൾ വരെ ടാപ്പ് ചെയ്യാവുന്നതുമാണ്.

ആയിരം തവണ വരെ ചാർജ്ജ് ചെയ്ത് ഇത് ഉപയോഗിക്കാം എന്നാണ് കമ്പനി അവകാശപ്പെടുന്നത്.ഓട്ടോടാപ്പർ ഉപയോഗിച്ച് 4-7 സെക്കൻഡ് കൊൺണ്ട് ഒരുമരം ടാപ്പ് ചെയ്യാവുന്നതാണ്. രണ്ടൺുമോഡലുകളിൽ ഒന്നാണ് ഓട്ടോ ടാപ്പർ.

കൂടുതൽ വിവരങ്ങൾക്ക് 8884000765 എന്ന നമ്പറിൽ ബന്ധപ്പെടുക.

## വരുമാനത്തിന് വഴികാട്ടിയാകും: മന്ത്രി കെ ടി ജലീൽ

തൃശൂർ: സംസ്ഥാനത്തെ കർഷകർക്കും കാർഷിക സംരംഭകർക്കും വരുമാനത്തിനുള്ള പുതു മാർഗ്ഗങ്ങൾ വൈഗ ശില്പശാലയിലൂടെ സംജാത മാകുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ.ടി. ജലീൽ അഭിപ്രായപ്പെട്ടു. തൃശ്ശൂർ വെള്ളാനിക്കരയിൽ നടക്കുന്ന കൃഷി വകുപ്പിന്റെ വൈഗ-2017 അന്താരാഷ്ട്ര ശില്പശാലയിൽ നാളികേരത്തെ ആസ്പദമാക്കിയുള്ള സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. അടുത്ത കാലത്ത് കാർഷിക മേഖലയിൽ ഒരു നവോത്ഥാനത്തിനു തന്നെ തുടക്കം കുറിച്ചിട്ടുള്ളതായി മന്ത്രി പറഞ്ഞു. കൃഷി വകുപ്പിന്റെ നവീന രീതിയിലുള്ള ഇടപെടലുകൾ ഇതിന് വഴിതെളിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ചുകൊണ്ട് കൃഷി വകുപ്പ് പല സ്ഥലങ്ങളിലും നല്ല പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.



വൈഗ ശില്പശാലയിൽ നാളികേരത്തെ ആസ്പദമാക്കിയുള്ള സെമിനാർ മന്ത്രി കെ ടി ജലീൽ ഉദ്ഘാടനം ചെയ്യുന്നു

പദ്ധതികളുടെ 30 ശതമാനം കാർഷിക മേഖലയ്ക്ക് പൂർണ്ണമായും ചെലവഴിക്കും. ധാരാളം പ്രവാസികൾക്ക് സംരംഭങ്ങൾ തുടങ്ങുവാൻ പറ്റിയ ഒരു മേഖലകൂടിയാണ് കൃഷിയെന്നും മന്ത്രി സൂചിപ്പിച്ചു. പെൻഷനും മറ്റ് ആനുകൂല്യങ്ങളും ജനങ്ങൾക്ക് നൽകുന്നതിനൊപ്പം സ്വന്തം അദ്ധ്വാനത്താൽ ജീവിക്കാൻ ഉതകുന്ന സംവിധാനങ്ങൾ ചെയ്തു കൊടുക്കുക കൂടി ചെയ്യുന്നത് മഹത്തരമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ ചടങ്ങിന് അദ്ധ്യക്ഷം വഹിച്ചു. ഒല്ലൂർ എംഎൽഎ കെ രാജൻ മന്ത്രി ജലീലിന് ഉപഹാര സമർപ്പണം നടത്തി.